## പതിമൂന്നാം കേരള നിയമസഭ
## പതിനൊന്നാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത നിയമസഭാ ചോദ്യം നം.4148 25.06.2014-ൽ മറുപടിക്ക്**

### പൈപ്പ് ലൈൻ സ്ഥാപിക്കാനെടുത്ത കുഴികൾ മൂലം തകർന്ന ചേർത്തലയിലെ റോഡുകൾ

| ചോദ്യം<br>ശ്രീ.പി. തിലോത്തമൻ | | മറുപടി<br>ശ്രീ. പി.ജെ. ജോസഫ്<br>(ജലവിഭവ വകുപ്പ് മന്ത്രി) | |
|---|---|---|---|
| എ | ജപ്പാൻ കുടിവെള്ള പദ്ധതിയ്ക്കു വേണ്ടി റോഡുകൾക്ക് സമാന്തരമായും കുറുകെയും പൈപ്പ് ലൈനുകൾ ഇടുന്നതിനു വേണ്ടി അശാസ്ത്രീയമായി കുഴിക്കുന്നതു മൂലം റോഡിലൂടെ വാഹനങ്ങൾ പോകുമ്പോഴും മഴക്കാലത്ത് വെള്ളം കെട്ടുമ്പോഴുമെല്ലാം റോഡുകൾ പൈപ്പ് ലൈനിനു വേണ്ടി കുഴിച്ച ഭാഗങ്ങളിലേയ്ക്ക് താഴുന്നതും റോഡുകൾ നശിക്കുന്നതും ശ്രദ്ധയിൽ പ്പെട്ടിട്ടുണ്ടോ; | എ | ഇല്ല. |
| ബി | ഇപ്രകാരം റോഡുകൾ പൊളിക്കുമ്പോൾ പൊതുമരാമത്ത് വകുപ്പിലേയും തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളിലേയും എഞ്ചിനീയറിംഗ് വിഭാഗങ്ങളുടെ അനുമതി തേടാറുണ്ടോ; | ബി | ഉണ്ട്. |
| സി | ഇപ്രകാരം പൊളിക്കുന്ന റോഡുകൾ പൂർണ്ണമായും സഞ്ചാരയോഗ്യമാക്കാനുള്ള തുക ജലവിഭവ വകുപ്പ് പൊതുമരാമത്ത് വകുപ്പിന് നൽകാറുണ്ടോ; ഈ ഇനത്തിൽ ഇനിയും തുക നൽകാനുണ്ടോ എന്ന് അറിയിക്കുമോ; | സി | പൊതുമരാമത്ത് വകുപ്പിന് അവരുടെ എസ്റ്റിമേറ്റ് പ്രകാരമുള്ള തുക വാട്ടർ അതോറിറ്റി നൽകിയിട്ടുണ്ട്. |

| | | |
|---|---|---|
| ഡി | ജപ്പാൻ കുടിവെള്ള പദ്ധതിയുടെ ഡി പൈപ്പുകൾ സ്ഥാപിക്കുവാൻ എടുത്ത കുഴികൾ മൂലം തകർന്ന ചേർത്തലയിലെ റോഡുകൾ അടിയന്തിരമായി സഞ്ചാരയോഗ്യമാക്കുന്നതിൽ ജലവിഭവ വകുപ്പിന്റെ ഭാഗത്തുനിന്ന് എന്തെങ്കിലും വീഴ്ചകൾ ഉണ്ടായിട്ടുണ്ടോ എന്ന് വിശദമാക്കാമോ; എങ്കിൽ അവ എത്ര കാലയളവിനുള്ളിൽ പരിഹരിക്കാനാകുമെന്ന് അറിയിക്കുമോ ? | റോഡുകൾ സഞ്ചാര യോഗ്യമാക്കുന്നതിൽ വീഴ്ച ഉണ്ടായിട്ടില്ല. റോഡുകൾ നന്നാക്കുന്നതിനുള്ള തുക ജലവിഭവ വകുപ്പ് പൊതുമരാമത്ത് വകുപ്പിന് നൽകിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ